ഉത്തരം

(എ) ഇല്ല

(ബി & സി) ഉദിക്കുന്നില്ല.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ & എഫ്) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്.

ശ്രീമതി ലളിതയുടെ വീട് അടിച്ചു തകർത്ത സംഭവം

62 (3252) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം കടച്ചൽക്കുഴി ചരുവിള വീട്ടിൽ ശ്രീമതി ലളിതയുടെ വീട് അടിച്ചു തകർത്തത് എസ്.എ.പി. ക്യമ്പിലെ ഒരു കോൺസ്റ്റബിളിന്റെ നേതൃത്വത്തിലാണോ ;

(ബി) എങ്കിൽ പ്രസ്തുത പോലീസുകാരന്റെ പേര് എന്താണെന്ന് വെളിപ്പെടുത്താമോ ; നെയ്യാറ്റിൻകര സർക്കിൾ ഇൻസ്പെക്ടറുടെ കീഴിലുള്ള പോലീസ് സ്റ്റേഷനുകളിൽ ഇയ്യാൾക്കെതിരെ മറ്റുകേസുകൾ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം കേസുകളാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ പോലീസുകാരനെതിരെ ഡിപ്പാർട്ടുമെന്റിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ;

(ഡി) ഈ കേസിലെ മറ്റു പ്രതികൾ ആരൊക്കെയാണെന്നും ഏതെല്ലാം വകുപ്പുപ്രകാരമാണ് ഇവരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) എസ്.എ.പി. ഹവിൽദാർ 6058 മോഹൻദാസാണ് പോലീസുകാരൻ. ടിയാനെതിരെ നെയ്യാറ്റിൻകര സി.ഐ.യുടെ കീഴിലുള്ള മറ്റ് സ്റ്റേഷനുകളിൽ കേസുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ ടിയാന്റെ പേരിൽ ചരുവിള വീട്ടിൽ ലക്ഷ്മിക്കുട്ടിയുടെ മകൻ സരസ്വതിയുടെ വീട് ആക്രമിച്ചതിന്റെ പേരിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ ക്രൈം 79/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് ഒരു സ്പെഷ്യൽ റിപ്പോർട്ട് ജില്ലാ പോലീസ് സൂപ്രണ്ട് എസ്.എ.പി. കമൻഡാന്റിന് അയച്ചതിൽപ്രകാരം ടിയാനെ 23-3-2000 മുതൽ സസ്പെന്റ് ചെയ്തിട്ടുള്ളതും ഓർഡർ എൻക്വയറിയ്ക്ക് ഉത്തവായിട്ടുള്ളതുമാണ്.

(ഡി) ഈ കേസിലെ മറ്റു പ്രതികൾ (1) ജി. ജി. ഉണ്ണി (2) ബിജു, (3) മണിയൻ എന്നിവരാണ്. ബാലരാമപുരം സ്റ്റേഷനിൽ ക്രൈം 219/99 യു/എസ് 458, 324, 427, 34 ഐ.പി.സി പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly